**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **03-03-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസിറ്റ് ഹോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അനധികൃതമായി രാജ്യത്ത് പ്രവേശിച്ചവർക്കും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താൽക്കാലിക താമസസൗകര്യം പ്രദാനം ചെയ്യുന്ന ട്രാൻസിറ്റ് ഹോം പദ്ധതിക്കായി 2025- 26 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ട്രാൻസിറ്റ് ഹോം പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ട്രാൻസിറ്റ് ഹോമുകളോ സമാന സംവിധാനങ്ങളോ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അനധികൃതമായി രാജ്യത്ത് പ്രവേശിച്ചവർക്കും ശിക്ഷകഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താൽക്കാലിക താമസസൗകര്യം ഒരുക്കുന്നതിനായി ഡിറ്റെൻഷൻ സെന്ററുകൾ എല്ലാ സംസ്ഥാനങ്ങളും ആരംഭിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും വിവിധ കോടതിയുത്തരവുകളുടെ അടിസ്ഥാനത്തിലുമാണ് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിച്ചത്. |
| (സി) | സംസ്ഥാനത്ത് ട്രാൻസിറ്റ് ഹോമുകൾ നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ; ഇനി എവിടെയൊക്കെയാണ് ട്രാൻസിറ്റ് ഹോം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; നിലവിലുള്ള ഏതെങ്കിലും സംവിധാനങ്ങളെ ട്രാൻസിറ്റ് ഹോമായി പരിവർത്തനം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്ത് വാടകക്കെട്ടിടത്തിൽ ട്രാൻസിറ്റ് ഹോം പ്രവർത്തിച്ചുവരുന്നു. പുരുഷന്മാരെ മാത്രമാണ് ടി ഹോമിൽ പാർപ്പിച്ചുവരുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമായി, ആലപ്പുഴ ജില്ലയിൽ സാമൂഹ്യനീതിവകുപ്പിനു കീഴിലുള്ള കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ, ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ട്രാൻസിറ്റ് ഹോമിലെ സ്ഥലപരിമിതിമൂലം, സംസ്ഥാനത്തെ വിവിധ ഇടങ്ങളിൽ സർക്കാരിനുകീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ പ്രസ്തുത ആവശ്യത്തിന് ഉപയുക്തമാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അനധികൃതമായി രാജ്യത്ത് പ്രവേശിച്ചതായി കരുതുന്നവരെയും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികളെയും ട്രാൻസിറ്റ് ഹോമുകളിൽ താമസിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ 1946-ൽ പുറപ്പെടുവിച്ച ഫോറിനേഴ്സ് ആക്റ്റിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളിൻ പ്രകാരം ശിക്ഷാകാലാവധി പൂർത്തിയാക്കിയശേഷം സ്വന്തം നാട്ടിലേക്ക് മടങ്ങിപോകാൻ കാത്തിരിക്കുന്നതും പൗരത്വസ്ഥിതീകരണത്തിന് കാത്തിരിക്കുന്നതുമായ വിദേശപൗരന്മാരുടെ നീക്കങ്ങൾ നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായ അധികാരം സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്ക് ഡെലിഗേറ്റ് ചെയ്തു നല്കിയിട്ടുള്ളതാണ്. അതുപ്രകാരമാണ് നിയമവിരുദ്ധമായി രാജ്യത്ത് പ്രവേശിച്ച വിദേശികളെയും ശിക്ഷാകാലാവധി കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികളെയും അവരുടെ ഡീപ്പോർട്ടേഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ സംസ്ഥാനത്തെ ട്രാൻസിറ്റ് ഹോമിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ